"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് —കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്- 2026 ജൂലൈ 14 മുതൽ 17 വരെ ഡൽഹിയിൽ നടക്കുന്ന "ഭാരത് ടെക്സ് 2026" -ആഗോള ടെക്സ്റ്റൈൽ പ്രദർശനത്തിൽ പങ്കെടുക്കുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.655/2026/ID തീയതി,തിരുവനന്തപുരം, 17-06-2026

---

പരാമർശം:- കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 08.06.2026-ലെ പി/227/110/208നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2026-ജൂലൈ 14 മുതൽ 17 വരെ ഡൽഹിയിൽ നടക്കുന്ന "ഭാരത് ടെക്സ് "2026 എന്ന ആഗോള ടെക്സ്റ്റൈൽ പ്രദർശനത്തിൽ പങ്കെടുക്കുന്നതിനും വിമാനമാർഗ്ഗം യാത്ര ചെയ്യുന്നതിനും അനുമതി നല്കണമെന്ന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2026 ജൂലൈ 14 മുതൽ 17 വരെ ഡൽഹിയിൽ നടക്കുന്ന "ഭാരത് ടെക്സ് 2026" എന്ന ആഗോള ടെക്സ്റ്റൈൽ പ്രദർശനത്തിൽ പങ്കെടുക്കുന്നതിനും ഡൽഹിയിലേക്കും തിരിച്ചും വിമാനമാർഗ്ഗം യാത്ര നടത്തുന്നതിനും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹേമ വി

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് , തിരുവനന്തപുരം

ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anilkumar P

സെക്ഷൻ ഓഫീസർ

Date: 17-06-2026 14:08:12